**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5659** **13-08-2021 - ൽ മറുപടിയ്ക്ക്**

**പട്ടാമ്പി മണ്ഡലത്തിലെ ജല ജീവൻ മിഷൻ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുഹമ്മദ് മുഹസിൻ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ജലവിഭവ വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കുന്ന ജല ജീവൻ മിഷൻ മുഖേന പട്ടാമ്പി മണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദ വിവരങ്ങൾ ലഭ്യമാക്കാമോ; | (എ) | ജല ജീവൻ മിഷൻ മുഖേന പട്ടാമ്പി മണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ പഞ്ചായത്ത് തിരിച്ചുള്ള വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പട്ടാമ്പി മണ്ഡലത്തിൽ ഈ പദ്ധതി നടപ്പിലാക്കുന്നതിന് പ്രതീക്ഷിക്കുന്ന ചെലവ് എത്രയാണെന്ന് വിശദീകരിക്കാമോ; | (ബി) | പട്ടാമ്പി നിയോജക മണ്ഡലത്തിൽ ജലജീവൻ മിഷൻ പദ്ധതി നടപ്പിലാക്കുന്നതിനായി ആകെ 18953 ലക്ഷം രൂപയുടെ ചെലവ് പ്രതീഷിക്കുന്നു. പട്ടാമ്പി നിയോജക മണ്ഡലത്തിൽ ജലജീവൻ മിഷൻ പദ്ധതി നടപ്പിലാക്കുന്നതിനായി 18161 ലക്ഷം രൂപയുടെ പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു. ഇതിന് പുറമെ കുളക്കല്ലൂർ പഞ്ചായത്തിൽ 2370 കണക്ഷനുകൾ കൂടി നൽകുന്നതിനായി 792 ലക്ഷം രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | പട്ടാമ്പി മണ്ഡലത്തിൽ എത്ര ഗാർഹിക കുടിവെള്ള കണക്ഷൻ നൽകുന്നതിനാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നതെന്ന് അറിയിക്കുമോ; ആയതിന്റെ പഞ്ചായത്ത് അടിസ്ഥാനത്തിലുള്ള വിശദ വിവരങ്ങൾ ലഭ്യമാക്കാമോ? | (സി) | പട്ടാമ്പി നിയോജക മണ്ഡലത്തിൽ ജലജീവൻമിഷൻ പദ്ധതിയിലൂടെ എല്ലാ പഞ്ചായത്തുകളിലും 100% കുടിവെള്ള കണക്ഷൻ നൽകുവാനാണ് ലക്ഷ്യമിടുന്നത്. . |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| **ക്രമ നമ്പർ** | **പഞ്ചായത്തിന്റെ പേര്** | **ഭരണാനുമതി തുക (ലക്ഷത്തിൽ)** | **ഭരണാനുമതി നൽകിയ കണക്ഷനുകളുടെ എണ്ണം** | **ഇതുവരെ നൽകിയ കണക്ഷനുകളുടെ എണ്ണം** |
|---|---|---|---|---|
| 1 | വല്ലപ്പുഴ | 2775 | 5746 | 0 |
| 2 | കൊപ്പം | 1894 | 6898 | 2992 |
| 3 | കുളക്കല്ലൂർ | 426 | 2700 | 1774 |
| 4 | മുതുതല | 3988 | 4793 | 250 |
| 5 | ഓങ്ങല്ലൂർ | 3427 | 8798 | 486 |
| 6 | തിരുവേഗപ്പുറ | 3920 | 4107 | 0 |
| 7 | വിളയൂർ | 1731 | 3866 | 1889 |
| | ആകെ | 18161 | 36908 | 7391 |